ജിയോ സ്മൃതി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു

തൃശൂർ: അന്തരിച്ച മാധ്യമപ്രവർത്തകനും ഹ്രസ്വചിത്ര സംവിധായകനുമായിരുന്ന ജിയോ സണ്ണിയുടെ സ്മരണാർഥം തൃശൂർ പ്രസ് ക്ലബ് ഏർപ്പെടുത്തിയ ഒന്നാമത് 'ജിയോ സ്മൃതി' പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. സുധീഷ് ശിവശങ്കരൻ സംവിധാനം ചെയ്ത ഷേഡ് എന്ന ചിത്രത്തിനാണ് ഒന്നാം സ്ഥാനം. ശരത് സുന്ദർ സംവിധാനം ചെയ്ത കരുവാറയിൻ കനവുകൾ, അരുൺ കുന്നമ്പത്ത് സംവിധാനം ചെയ്ത സ്കൂട്ടർ എന്നിവ യഥാക്രമം രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടി. യഥാക്രമം 7000, 5000,3000 രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. അശ്വതി ഇഥികയുടെ കൽപ്പന, നന്ദു എം മോഹന്റെ മിന്നുകെട്ട്, റാഫി നീലംകാവിലിന്റെ മേരിമോളുടെ കണ്ടൽ ജീവിതം എന്നിവ പ്രത്യേക ജൂറി പരാമർശത്തിന് അർഹമായി. ഇവർക്ക് പ്രശസ്തിപത്രവും ഫലകവും സമ്മാനിക്കും. ഫാ. ബെന്നി ബെനഡിക്ട് ചെയർമാനും ചെറിയാൻ ജോസഫ്, സ്മിത സൈലേഷ് എന്നിവർ അംഗങ്ങളുമായ ജൂറിയാണ് പുരസ്കാരനിർണയം നടത്തിയത്. വാർത്താ സമ്മേളനത്തിൽ ജൂറി ചെയർമാൻ ഫാ ബെന്നി ബെനഡിക്ട്, ജൂറി സെക്രട്ടറി കെ. ഗിരീഷ്, അംഗങ്ങളായ സ്മിത സൈലേഷ്, ചെറിയാൻ ജോസഫ്, തൃശൂർ പ്രസ്ക്ലബ് പ്രസിഡന്റ് കെ. പ്രഭാത് എന്നിവർ പങ്കെടുത്തു.

മേലൂർ സ്വദേശിക്ക് വെസ്റ്റ് നൈൽ ഫീവർ

ചാലക്കുടി: സംസ്ഥാനത്തെ അത്യപൂർവ പനിയായ വെസ്റ്റ് നൈൽ ഫീവറുമായി മേലൂർ സ്വദേശി. മൂന്ന് വർഷം സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിരുന്ന വെസ്റ്റ് നൈൽ ഫീവർ എന്ന പനിയാണ് മേലൂർ കല്ലുകുത്തി സ്വദേശിയായ 45 കാരന് സ്ഥിരീകരിച്ചിരിക്കന്നത്. അങ്കമാലിയിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നതിനിടയിലാണ് ഈ പനിയാണെന്ന് തെളിഞ്ഞിരിക്കുന്നത്.ഈ രോഗത്തിന്റെ മലയാള വാക്ക് പോലും ഇപ്പോഴും കണ്ടെത്തിയിട്ടില്ലെന്നാണ് പറയുന്നത്.ജപ്പാൻ ജ്വരമാണെന്നായിരുന്നു ആദ്യം പറഞ്ഞിരുന്നത്.തുടർന്നും പനി മാറാതെ വന്നതോടെയാണ് സിറം ഒരാഴ്ച മുൻപ് ആരോഗ്യ വകുപ്പ് വൈറോളജി ലാബിലേക്ക് പരിശോധനക്കയച്ചിരിക്കുകയായിരുന്നു.

രണ്ട് ദിവസം മുൻപ് വന്ന പരിശോധന ഫലത്തിലാണ് ഇയാൾക്ക് വെസ്റ്റ് നൈൽ ഫീവറാണെന്ന് തെളിഞ്ഞത്.രണ്ടാഴ്ച പനി തുടങ്ങുമ്പോൾ ജപ്പാൻ പനിയുടെ ലക്ഷണങ്ങളായിരുന്നു കണ്ടിരുന്നത്.ഉടനെ തന്നെ ചികിത്സ തേടിയിരുന്നെങ്കിലും ദിവസങ്ങൾ കഴിഞ്ഞിട്ടും പനിമാറാതെ വന്നതോടെയാണ് അങ്കമാലിയിലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.കരൾ രോഗബാധിതൻ കൂടിയായ ഇദ്ദേഹം ഇപ്പോൾ അപകട നില തരണം ചെയ്തതായി ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ പറയുന്നു.പനി ബാധിതൻ താമസിച്ചിരുന്ന സ്ഥലവും മറ്റും വെക്റ്റർ കൺട്രോൾ യൂണിറ്റ് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ സഹായത്തോടെ പ്രതിരോധ നടപടികൾ പൂർത്തികരിച്ചിരുന്നു. കൊതുകിൽ നിന്നാണ് ഈ പനി പ്രധാനമായും പടരുന്നതെന്നും ഇതിന് പുറമെ ദേശാടന പക്ഷികളും രോഗം പടർത്തുന്നതായിട്ടാണ് പറയുന്നത്.മേലൂർ പഞ്ചായത്തിൽ അത്യപൂർവ പകർച്ച പനിയായ വെസ്റ്റ് നൈൽ ഫീവർ റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് ആരോഗ്യ സർവീസ് ഡയറക്ടറേറ്റിൽ നിന്നുള്ള ആരോഗ്യ വിദഗ്ദരുടെ സംഘം സ്ഥലത്തെത്തി രോഗം വരുവാനുള്ള കാരണം കണ്ടെത്തുവാനുള്ള പരിശോധന നടത്തി വരികയാണ്.

കീടങ്ങളെ കുറിച്ച് ഗവേഷണം നടത്തുന്ന ശാസ്ത്രജ്ഞരാണ് പരിശോധനക്ക് നേതൃത്വം നൽക്കുന്നത്.പാലക്കാട്, തൃശൂർ ജില്ലകളിൽ നിന്നുള്ള ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരും സംഘത്തിലുണ്ട്.2011ലാണ് ഈ പനി കേരളത്തിൽ ആദ്യമായി ആലപ്പുഴയിൽ റിപ്പോർട്ട് ചെയ്തത്. അതിന് ശേഷം 2019ൽ മലപ്പുറത്ത് ആറ് വയസുക്കാരന് രോഗം വരുകയും ആ കുട്ടി മരിക്കുകയും ചെയ്തിരുന്നു.

ഒന്നരക്കോടിയുടെ കഞ്ചാവുമായി നാലുപേർ പിടിയിൽ

അറസ്റ്റിലായ പ്രതികൾ

വടക്കഞ്ചേരി: വടക്കഞ്ചേരി ആമക്കുളത്ത് വൻ കഞ്ചാവ് വേട്ട. ഒന്നരക്കോടിയോളം രൂപയുടെ കഞ്ചാവുമായി നാലുപേർ പിടിയിൽ. വടക്കഞ്ചേരി മംഗലം പാലത്തിന് സമീപം ആമക്കുളത്ത് നിന്നുമാണ് സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ് മെന്റ് സ്ക്വാഡ് കഞ്ചാവ് പിടിച്ചത്. ആന്ധ്രാപ്രദേശിൽ നിന്നും തൃശൂരിലേക്ക് കടത്തുകയായിരുന്ന 191.5 കിലോഗ്രാം കഞ്ചാവാണ് പിടികൂടിയത്. സംഭവുമായി ബന്ധപ്പെട്ട് പാലക്കാട് എലപ്പുളി പാറ ശ്രീനിലയത്തിൽ ശിവകുമാർ (45), പട്ടാമ്പി കൂടല്ലൂർ മണിയം പെരുമ്പലം രാജേഷ് (41), തൃശൂർ നെടുപുഴ മന്ദത്ത് വീട്ടിൽ അമർജിത്ത് (28) ,തൃശൂർ വടൂക്കര പള്ളത്ത് വീട്ടിൽ ഷെറിൻ (34) എന്നിവരെയാണ് പിടിച്ചത്.

ഇന്നലെ പകൽ 11 മണിയോടു കൂടിയാണ് സംഭവം. എക്സൈസ് എൻഫോഴ്സ് മെന്റ് സ്ക്വാഡ് തലവൻ സി ഐ ടി അനികുമാറിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ പ്രതികളെ പിന്തുടർന്ന് പിടികൂടുകയായിരുന്നു. കെഎൽ 54 എ 9541 നമ്പർ സൈലോ വാഹനത്തിൽ 44 കെട്ടുകളിലായാണ് കഞ്ചാവ് സൂക്ഷിച്ചിരുന്നത്. വേലന്താവളം വഴി സംസ്ഥാന അതിർത്തി കടന്നത് മുതൽ എക്സൈസ് സംഘത്തിന്റെ നിരീക്ഷണത്തിലായിരുന്നു ഇവർ. ആന്ധ്രയിൽ നിന്നും വാടകക്കെടുത്ത ടാക്സി കാറിൽ പ്രതികളിലൊരാളായ ശിവകുമാർ മുന്നിൽ സഞ്ചരിച്ചാണ് കഞ്ചാവ് കടത്തിന് നേതൃത്വം കൊടുത്തത്. കഞ്ചാവുണ്ടായിരുന്ന സൈലോ കാർ എക്സൈസ് പിടിച്ച വിവരം അറിയാതെ മുന്നിൽ നിന്നും ഫോണിലൂടെ വഴി നിയന്ത്രിക്കുന്നതിനിടെ ശിവകുമാറിനെ നാട്ടുകാരുടെ കൂടി സഹായത്തോടെ പിടികൂടിയത്. ആന്ധ്രയിലെ നക്സൽ മേഖലയിൽ നിന്നുമാണ് കഞ്ചാവ് എത്തിച്ചത്. ശിവകുമാറാണ് ഇതിന് നേതൃത്വം കൊടുത്തത്. ഇയാൾക്ക് ആന്ധ്രയിൽ കഞ്ചാവ് കൃഷിയിൽ വരെ പങ്കുണ്ടെന്നാണ് വിവരം.

ശിവമാറിനെതിരേ ഇതിന് മുമ്പും കഞ്ചാവ് കടത്തിയതിന് കേസുണ്ട്. ഒരു വർഷം മുമ്പ് വടക്കഞ്ചേരി റോയൽ ജംഗ്ഷനിൽ വച്ച് മാങ്ങലോറിയിൽ 150 കിലോയോളം കഞ്ചാവ് കടത്തിയ കേസിലെ പ്രധാന പ്രതിയാണ് ഇയാൾ. പിടിച്ചെടുത്ത കഞ്ചാവിന് പൊതുവിപണിയിൽ ഒന്നരക്കോടിയോളം രൂപ വില വരും. എന്നാൽ ഇത് ചില്ലറയായി വിറ്റഴിക്കുമ്പോൾ രണ്ടര മുതൽ മൂന്ന് കോടി രൂപ വരെ വിലലഭിക്കും. പിടിച്ചെടുത്ത കഞ്ചാവും, കാറും, പ്രതികളെയും ആലത്തൂർ എക്സൈസ് റേഞ്ച് ഓഫീസിന് കൈമാറി. സ്റ്റേറ്റ് എക്സൈസ് എൻഫോഴ്സ്മെന്റ് തലവൻ ടി അനി കുമാറിന് പുറമെ സിഐ ജി. കൃഷ്ണകുമാർ, എക്സൈസ് ഇൻസ്പെക്റ്റർമാരായ കെ.വി വിനോദ്കുമാർ, ടി.ആർ മുകേഷ്കുമാർ, എസ്. മധുസൂധനൻനായർ പ്രിവന്റീവ് ഓഫീസർ പ്രജോഷ്കുമാർ, സിവിൽ എക്സൈസ് ഓഫീസർമാരായ മുഹമ്മദാലി, സുബിൻ, രാജേഷ്, ഷംനാദ്, ബസന്ത്, അരുൺകുമാർ, രാജീവ് എന്നിവർ പരിശോധനക്ക് നേതൃത്വം നല്കി.

തൃശൂർ വടക്കുംനാഥ ക്ഷേത്രത്തിൽ മഹാശിവരാത്രിയോട് അനുബന്ധിച്ചു നടത്തുന്ന നൃത്ത സംഗീതോത്സവത്തിൽ കലാക്ഷേത്രം രാഖി സതീഷ് അവതരിപ്പിച്ച ഭരതനാട്യം

പ്രായപൂർത്തിയാകാത്ത കുട്ടിക്ക് കഞ്ചാവ് നൽകിയാൾ അറസ്റ്റിൽ

തൃശൂർ: നിർബന്ധിച്ച് കഞ്ചാവു ബീഡി വലിപ്പിച്ച് പതിനഞ്ചു വയസുകാരൻ കുഴഞ്ഞു വീഴാൻ ഇടയായ സംഭവത്തിൽ കഞ്ചാവു നൽകിയ ആൾ അറസ്റ്റിൽ. പുല്ലഴി കാഞ്ചന കലാസമിതിക്കു സമീപം പണക്കാരൻ വീട്ടിൽ വിജേഷിനെ (19) ആണ് അറസ്റ്റ് ചെയ്തത്. പ്രായപൂർത്തിയാകാത്ത മകനെ കൊണ്ട് കഞ്ചാവു വലിപ്പിച്ചെന്ന പുല്ലഴി സ്വദേശിയായ വീട്ടമ്മയുടെ പരാതിയിൽ വെസ്റ്റ് എസ്ഐ കെ.സി.ബൈജുവിന്റെ നേതൃത്വത്തിൽ നടത്തിയ അന്വേഷണത്തിൽ ഒടുവിൽ ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം കേസെടുത്താണ് പ്രതിയുടെ അറസ്റ്റ് രേഖപ്പെടുത്തിയത്. കഴിഞ്ഞ 22നു വൈകിട്ട് ആറിനു പുല്ലഴി ലക്ഷ്മി മില്ലിന് അടുത്തുള്ള പാറ എന്ന മൈതാനത്താണു സംഭവം നടന്നത്. കഞ്ചാവ് ഇല പൊടിച്ച് ബീഡിയിൽ നിറച്ച് കത്തിച്ചുവലിച്ചാൽ പറന്നുനടക്കാമെന്നും നല്ല സുഖം കിട്ടുമെന്നും പ്രേരിപ്പിച്ച് പ്രതി നിർബന്ധിച്ച് വലിപ്പിക്കുകയായിരുന്നു. കുഴഞ്ഞുവീണ് അബോധാവസ്ഥയിലായ കുട്ടിയെ സമീപത്തെ ആശുപത്രിയിലെത്തിച്ച് ചികിത്സ നൽകേണ്ടിയും വന്നതായി അമ്മയുടെ പരാതിയിലുണ്ട്. സംഭവം നടന്ന സ്ഥലത്തുനിന്നു തന്നെയാണ് പ്രതിയെ കസ്റ്റഡിയിലെടുത്തത്. എസ്ഐ ബൈജു, ജൂനിയർ എസ്ഐ വിനയൻ, സീനിയർ സിപിഒ ജോബി, സിപിഒമാരായ അബീഷ് ആന്റണി, സുജിത്, അനിൽകുമാർ എന്നിവരാണ് പ്രതിയെ അറസ്റ്റ് ചെയ്ത സംഘത്തിൽ ഉണ്ടായിരുന്നത്

ആര്യനന്ദ കവിത ചൊല്ലി; നേടിയത് ഇന്ത്യൻ ബുക്ക് ഓഫ് റൊക്കോഡ്

എം.ജി. രാജൻ

കൊടുങ്ങല്ലൂർ: രണ്ടാം ക്ലാസ്കാരി ആര്യനന്ദ കവിത ചൊല്ലി നേടിയത് ഇന്ത്യൻ ബുക്ക് ഓഫ് റൊക്കോഡ്. ഇത് ഏഴ് വയസുകാരി ആര്യനന്ദ.അഞ്ച് മിനിറ്റിനുള്ളിൽ പതിനാല് കവിതകൾ തെറ്റാതെ ചൊല്ലി ഇന്ത്യൻ ബുക്ക് ഓഫ് റെക്കോഡിൽ മുത്തമിട്ടവൾ. എടവിലങ്ങ് പനങ്ങാട്ട് ജോഷി ബീന ദമ്പതികളുടെ മകളും കൊടുങ്ങല്ലൂർ അമൃത വിദ്യാലയത്തിലെ രണ്ടാം ക്ലാസ് വിദ്യാർഥിനിയുമാണ്. നാല് വയസു മുതൽ സംഗീതത്തോടും പാട്ടുകളോടും അതീവ തൽപരയായിരുന്ന ആര്യ നന്ദ കവിതകളുടെ ലോകത്തേക്ക് മാറുകയായിരുന്നു. കുഞ്ഞുണ്ണി മാഷ്, ഒ എൻ വി, സുഗതകുമാരി തുടങ്ങിയവരുടെ കവിതകളോടെ വലിയ അഭിനിവേശമാണ്. കവിത കേൾക്കുകയെന്നത് ദിനചര്യയായി മാറിയതോടെ കവിത ചൊല്ലുന്നതും തുടങ്ങി.

അഞ്ച് മിനിറ്റിനുള്ളിൽ പതിനാല് കവിതകൾ എഴ് വയസിൽ നിർത്താതെ ചൊല്ലിയതിനാണ് ആര്യ നന്ദ ഇന്ത്യൻ ബുക്ക് ഓഫ് റെക്കോഡിൽ ഇടം നേടിയത്. ഒരു പക്ഷെ ഇത്ര ചെറുപ്രായത്തിൽ ഇന്ത്യൻ ബുക്ക് ഓഫ് റെക്കോഡിൽ ഇടം നേടിയതും ആര്യ നന്ദയാകാനാണ് സാധ്യത. ബിജെപി കയ്പമംഗലം നിയോജക മണ്ഡലം കമ്മറ്റിയുടെ നേതൃത്വത്തിൽ ആര്യനന്ദയെ പൊന്നാടയണിയിച്ചാ ദരിച്ചു.മണ്ഡലം പ്രസിഡന്റ് സെൽവൻ മണക്കാട്ട് പടി, മീഡിയ സെൽ ജില്ലാ കൺവീനർ പി എസ് അനിൽകുമാർ തുടങ്ങിയവർ സംസാരിച്ചു.

അന്തരിച്ച നടി കെപിഎസി ലളിതയുടെ കുടുംബാംഗങ്ങളെ കെ. സുരേന്ദ്രൻ സന്ദർശിച്ചപ്പോൾ

കെപിഎസി ലളിതയുടെ വീട് കെ. സുരേന്ദ്രൻ സന്ദർശിച്ചു

വടക്കാഞ്ചേരി: മലയാളത്തിലെ എക്കാലത്തെയും മികച്ച നടിമാരിൽ ഒരാളായിട്ടായിരിക്കും കെപിഎസി ലളിത അറിയപ്പെടുകയെന്ന് ബിജെപി സംസ്ഥാന പ്രസിഡന്റ് കെ സുരേന്ദ്രൻ വടക്കാഞ്ചേരിയിൽ പറഞ്ഞു. കെപിഎസി ലളിതയുടെ വടക്കാഞ്ചേരി എങ്കക്കാടുള്ള വസതി സന്ദർശിച്ചു കുടുംബാംഗങ്ങളെ ആശ്വസിപ്പിച്ച് ശേഷം മാധ്യമങ്ങളുടെ സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാന സെക്രട്ടറി എ നാഗേഷ്, ജില്ല പ്രസിഡന്റ് അഡ്വ കെ.കെ അനീഷ് കുമാർ, ജില്ല ജനറൽ സെക്രട്ടറി ജസ്റ്റിൻ ജേക്കബ്, സംസ്ഥാന സമിതി അംഗം അഡ്വ ഉല്ലാസ് ബാബു, ജില്ല സെക്രട്ടറി ധന്യ, വടക്കാഞ്ചേരി മണ്ഡലം ജനറൽ സെക്രട്ടറി എസ്. രാജു, രവീന്ദ്രൻ പി.ജി, നിത്യ സാഗർ, രാമപ്രസാദ്, ഭാഗ്യലക്ഷ്മി, ഷീജ രാജേഷ്, സന്ധ്യ ശ്രീഭൻ എന്നിവർ സുരേന്ദ്രനോടോപ്പമുണ്ടായിരുന്നു.

ഉത്രാളിക്കാവ് ഇൻഷ്വറൻസ് ചെയ്തു

വടക്കാഞ്ചേരി: ഉത്രാളിക്കാവ് പൂരം ഒരു കോടി രൂപയ്ക്ക് ഇൻഷറൻസ് ചെയ്തു. മൂന്നു ദേശങ്ങളും സംയുക്തമായാണ് ഇൻഷറൻസ് എടുത്തിട്ടുള്ളത്. പങ്കാളിത്ത ദേശങ്ങളായ എങ്കക്കാട്, കുമരനെല്ലൂർ, വടക്കാഞ്ചേരി പൂര കമ്മിറ്റികളുടെ എല്ലാ പ്രവർത്തനങ്ങളും, 26 മുതൽ മാർച്ച് 2 വരെ ഉത്രാളിക്കാവ് ക്ഷേത്രത്തിന്റെ ഏഴ് കിലോമീറ്റർ വരെ ദൂര പരിധിയിൽ വരുന്ന പൂരത്തി നോട് അനുബന്ധിച്ചിട്ടുള്ളതായ എന്തെങ്കിലും പൊതു നാശനഷ്ടങ്ങളും ഇൻഷുറൻസ് പരിധിയിൽ വരും. ഇതിനു പുറമേ വ്യക്തിനഷ്ടങ്ങൾക്ക് ഒരു വ്യക്തിക്ക് ഒരു ലക്ഷം രൂപയും (100 പേർക്ക്) ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. ഓറിയന്റൽ ഇൻഷുറൻസ് മുഖാന്തിരമാണ് പൂരത്തിന് ഈ പരിരക്ഷ ഉറപ്പാക്കി യിട്ടുള്ളത്.

CHANGE OF NAME

I, SOUMYA NITHIN, Madathra House, Meladoor P.O, Vennoor, Thrissur, Passport No:- P9121239. Do hereby change my name as SOUMYA JOSEPH, Madathra House, Alathur P.O, Annamanada

അറിയിപ്പ്

KL 08 BM 9341 (MOTOR CYCLE) വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെട്ടു എന്ന് അറിയിച്ച് ടി വാഹന ഉടമ KUMARI SUBASH, PONGANAMOOLA (H) P.O PUTHOOR, THRISSUR ഡ്യൂപ്ലിക്കേറ്റ് രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. ടി വാഹനത്തിന്റെ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ ഈ പരസ്യ തീയതിമുതൽ 7 ദിവസത്തിനകം തൃശൂർ RTO യിൽ രേഖാമൂലം അറിയിക്കുവാൻ താത്പര്യപ്പെടുന്നു. ഒറിജിനൽ രെജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈവശമുള്ളവർ ആയത് ഈ ഓഫീസിൽ ഹാജറാക്കേണ്ടതാണ്.

എന്ന്
ഒപ്പ്
അഡിഷണൽ രജിസ്റ്ററിങ് അതോറിറ്റി
തൃശൂർ

എടിഎമ്മിൽ പണം മാത്രമല്ല; ശുദ്ധജലവും ലഭിക്കും

ഡിനോ കൈനാടത്ത്

കൊടകര സിവിൽ സ്റ്റേഷനിൽ ആരംഭിച്ച വാട്ടർ എടിഎം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.കെ ഡേവിസ് ഉദ്ഘാടനം ചെയ്യുന്നു

കൊടകര: കൊടകരയിൽ ഇനി പണം മാത്രമല്ല എ ടി എമ്മിൽ നിന്നും ലഭിക്കുക നല്ല തണുത്ത ശുദ്ധജലവും ലഭിക്കും. കൊടകര മിനി സിവിൽ സ്റ്റേഷനിലാണ് വാട്ടർ എ ടിഎം. സ്ഥാപിച്ചിരിക്കുന്നത്. കൊടകര ബ്ലോക്ക് പഞ്ചായത്ത് 2021_22 ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായാണ് വാട്ടർ എ ടി എം സ്ഥാപിച്ചത് .അഞ്ച് രീതിയിലുള്ള ശുദ്ധീകരണത്തിന് ശേഷമാണ് വെള്ളം പുറത്തേക്ക് വരുന്നത്. നാണയം ഇട്ടാൽ മാത്രമാണ് ശുദ്ധജലം ലഭിക്കുക. ഒരു ലിറ്റർ വെള്ളത്തിന് ഒരു രൂപ നാണയവും, അഞ്ച് ലിറ്റർ വെള്ളത്തിന് അഞ്ചു രൂപയുടെ നാണയവുു ആണ് ഇടേണ്ടത്.കൊടകര മിനി സിവിൽ സ്റ്റേഷനെ കൂടാതെ പുതുക്കാട് താലൂക്ക് ആശുപത്രിയിലും മറ്റത്തൂർ സാമൂഹിക ആരോഗ്യ കേന്ദ്രത്തിലും വാട്ടർ എ.ടി .എം സ്ഥാപിച്ചിട്ടുണ്ട്. 16,48,000 രൂപ ചെലവഴിച്ചാണ് പദ്ധതി പൂർത്തികരിച്ചത്.

പുതുക്കാട് സ്ഥാപിച്ച വാട്ടർ എടിഎം പുതുക്കാട് എം എൽ എ കെ .കെ രാമചന്ദ്രനും മറ്റത്തൂർ സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ സ്ഥാപിച്ച എടിഎം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.ആർ രഞ്ജിത്തും ഏതാനും ദിവസങ്ങൾക്കുമുമ്പ് ഉദ്ഘാടനം നിർവഹിച്ചിരുന്നു. കൊടകര സിവിൽ സ്റ്റേഷനിൽ ആരംഭിച്ച വാട്ടർ എ ടി എം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി. കെ ഡേവിസ് ഉദ്ഘാടനം ചെയ്തു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.ആർ രഞ്ജിത്ത് അധ്യക്ഷതവഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഷീല ജോർജ് ,ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ അഡ്വക്കേറ്റ് അൽജോ പുളിക്കൻ, ടെസി ഫ്രാൻസിസ് , വി കെ മുകുന്ദൻ, പഞ്ചായത്ത് അംഗം സി. ഡി സിബി ,ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പി.ആർ അജയഘോഷ് എന്നിവർ സന്നിഹിതരായിരുന്നു.

വേനൽക്കാലത്തിന്റെ ആരംഭത്തിൽതന്നെ നിരവധി ജനങ്ങൾ വരുന്ന പൊതുസ്ഥലങ്ങളിൽ ഇത്തരത്തിൽ വാട്ടർ എ ടി എമ്മുകൾ സ്ഥാപിച്ചത് വാഹന യാത്രക്കാർക്കും, കാൽനട യാത്രക്കാർക്കും, പ്രദേശത്തെ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ഏറെ ആശ്വാസം നൽകിയിരിക്കുകയാണ്. വ്യാപാരസ്ഥാപനങ്ങളിലും മറ്റും ഒരു ലിറ്റർ വെള്ളത്തിന് ഇരുപതോളം രൂപ ഈടാക്കുന്ന സമയത്താണ് ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആരംഭിച്ച വാട്ടർ എടിഎം വഴി ഒരു രൂപയ്ക്ക് ഒരു ലിറ്റർ നല്ല തണുത്ത ശുദ്ധജലം ലഭിക്കുന്നത്.

വധശ്രമം: ഗൂണ്ടകൾ അറസ്റ്റിൽ

തൃശൂർ: ആനക്കല്ല് ബാറിന് സമീപം പെട്ടി ഓട്ടൊറിക്ഷ തടഞ്ഞു നിർത്തി ഡ്രൈവറെ വടി കൊണ്ട് തല്ലി പരുക്കേൽപ്പിച്ച രണ്ടു ഗൂണ്ടകളെ വധ ശ്രമത്തിന് അറസ്റ്റ് ചെയ്തു. നിരവധി ക്രിമിനൽ കേസുകളിൽ പ്രതികളായ അവിണിശേരി ഏഴു കമ്പനി സ്വദേശികളായ ശിവജി, ബിനോയ് എന്നിവരെയാണ് നെടുപുഴ എസ്ഐ കെ. അനുദാസ് അറസ്റ്റ് ചെയ്തത്.

ഇന്നലെ രാവിലെ 10.15 മണിക്കായിരുന്നു സംഭവം. അവിണിശേരി ബോട്ട്ജെട്ടി സ്വദേശി തന്റെ പെട്ടി ഓട്ടോയിൽ ആനക്കല്ലിലുള്ള വിറക് കമ്പനിയിൽ നിന്നും വിറക് കയറ്റി തലോർ ഭാഗത്തേക്ക് ഓട്ടം പോകവെ ആനക്കല്ല് ബാറിനു സമീപം എത്തിയ സമയം, രണ്ടു പേർ ബൈക്കിൽ വന്ന് ഓട്ടോറിക്ഷയുടെ മുന്നിൽ നിർത്തിയിട്ട് തടയുകയും, ഓട്ടോറിക്ഷയിൽ കയറ്റിയ വിറകിൽ നിന്നും പൊടി തങ്ങളുടെ കണ്ണിൽ പോയെന്നും പറഞ്ഞ്, ഡ്രൈവറെ വാഹനത്തിൽ നിന്നും പിടിച്ച് വലിച്ചിറക്കി കൈകൾക്കൊണ്ട് മുഖത്തടിക്കുകയും, ഇരുവരും കാലുകൾ കൊണ്ട് വയറ്റിൽ ചവിട്ടുകയും, മുളവടി കൊണ്ട് അടിക്കുകയും ചെയ്യുകയായിരുന്നു.

ഒന്നാം പ്രതി ശിവൻ കുപ്രസിദ്ധ ഗൂണ്ടയും, കാപ്പാ ചുമത്തപ്പെട്ട് കഴിഞ്ഞ ഒരു വർഷം തൃശൂർ ജില്ലയിൽ നിന്നും പുറത്താക്കിയിട്ടുള്ളയാളുമാണ്. അറസ്റ്റ് ചെയ്ത സംഘത്തിൽ പ്രൊബേഷണറി എസ്ഐ അരുൺ , എഎസ്ഐ സുനിൽകുമാർ, സിപിഒ വിജിത്ത് എന്നിവരുമുണ്ടായിരുന്നു. കോടതിയിൽ ഹാജരാക്കിയ പ്രതികളെ 14 ദിവസത്തേക്ക് റിമാന്റ് ചെയ്തു.

ലോക സർവകലാശാല മത്സരത്തിൽ മാറ്റുരയ്ക്കാൻ ഇരിങ്ങാലക്കുടക്കാരും

ഹരി ഇരിങ്ങാലക്കുട

ആരതിയും സാന്ദ്രാ ബാബുവും

ഇരിങ്ങാലക്കുട: ലോക യൂണിവേഴ്സിറ്റി മത്സരത്തിൽ പങ്കെടുക്കാൻ ഇരിങ്ങാലക്കുടയിൽ നിന്ന് രണ്ടു വിദ്യാർഥിനികളും. ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളെജ് വിദ്യാർഥിനികളായ ആർ.ആരതിയും, സാന്ദ്ര ബാബുവുവാണ് ഈ മിടുക്കികൾ. ഇന്റർ യൂണിവേഴ്സിറ്റി മത്സരത്തിൽ കാഴ്ച്ചവച്ച പ്രകടനമാണ് ഇരുവരേയും ഇതിന് യോഗ്യരാക്കിയത്. ആരതി 400 മീറ്റർ ഹാർഡിൽസ് മത്സരത്തിൽ റെക്കോർഡോടെ സ്വർണവും 4x400 മിക്സഡ് റിലേയിൽ വെങ്കലവും നേടിയപ്പോൾ സാന്ദ്ര ട്രിപ്പിൾ ജമ്പിൽ സ്വർണവും ലോങ് ജംപിൽ വെങ്കലവും നേടി. ആരതി ക്രൈസ്റ്റ് കോളെജിൽ ഒന്നാം വർഷ ബികോമും സാന്ദ്ര രണ്ടാം വർഷം ഇംഗ്ലീഷുമാണ് പഠിക്കുന്നത്. ഇരുവരും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സ്കോളർഷിപ്പോടുകൂടിയാണ് ക്രൈസ്റ്റ് കോളെജിൽ പഠിക്കുന്നത്.

പ്രതികാത്മക ജപ്തി നോട്ടീസ്

ICICI Home Finance
രജി. ഓഫീസ്: ഐസിഐസിഐ ബാങ്ക് ടവേഴ്സ്, ബാന്ദ്ര കുർള കോംപ്ലക്സ്, ബാന്ദ്ര ഈസ്റ്റ് മുംബൈ- 400051
കോർപറേറ്റ് ഓഫീസ് : ഐസിഐസിഐ എച്ച് എഫ് സി ടവർ, ജെ ബി നഗർ, അന്ധേരി കുർള റോഡ്, അന്ധേരി ഈസ്റ്റ് മുംബൈ - 400059
ശാഖ ഓഫീസ്: ഒന്നാം നില, സുന്ദർ ടവർ, 24/868 (3) നിസ്സാൻ ഷോറൂമിന് എതിർവശം , കുന്നത്തൂർമേട് പോസ്റ്റ്, പാലക്കാട്- 678013

താഴെപ്പറയുന്നതെന്തെന്നാൽ

[illegible]

Sr. No.	വായ്പക്കാരന്റെ പേര്/ ലോൺ അക്കൗണ്ട് നമ്പർ	വസ്തുവിന്റെ വിശദവിവരങ്ങൾ/ ജപ്തിയുടെ തിയതി	ഡിമാൻഡ് നോട്ടീസിന്റെ തിയതി/ഡിമാൻഡ് നോട്ടീസ് പ്രകാരമുള്ള തുക	ശാഖ
1.	[illegible] LHPGT00001318027	പാലക്കാട്- 679308 [illegible] പൊസഷൻ തിയതി: 21 ഫെബ്രുവരി 2022	27-08-2021 Rs. 65,72,601/-	പാലക്കാട് - ബി

[illegible]

തിയതി: ഫെബ്രുവരി 25 , 2022
സ്ഥലം: പാലക്കാട്
അംഗീകൃത ഓഫീസർ
ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്

ICICI Home Finance
കോർപ്പറേറ്റ് ഓഫീസ്: ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഐസിഐസിഐ എച്ച്എഫ്സി ടവർ, അന്ധേരി- കുർള റോഡ്, അന്ധേരി (ഈസ്റ്റ്), മുംബൈ- 400059, ഇന്ത്യ.
ശാഖ ഓഫീസ്: ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്, ഒന്നാം നില, പ്രസാദ് ആർക്കേഡ്, ബിൽഡിങ് നമ്പർ 28 / 127 / 5, പാട്ടുരായ്ക്കൽ ജംക്ഷൻ, ഷൊർണൂർ റോഡ്, തൃശൂർ-680022

സ്ഥാവരവസ്തുവിന്റെ വിൽപ്പനയ്ക്കുള്ള വിൽപ്പന നോട്ടീസ്

[illegible]

Sr. No.	വായ്പക്കാരന്റെ/സഹവായ്പക്കാരന്റെ/ ജാമ്യക്കാരന്റെ പേര്, നിയമപരമായ അവകാശികൾ ലോൺ അക്കൗണ്ട് നമ്പർ	ജാമ്യവസ്തുവിന്റെ വിശദാംശങ്ങൾ എന്തെങ്കിലും വിധത്തിലുള്ള ബാധ്യതയുണ്ടെങ്കിൽ അവ ഉൾപ്പെടെ	തിരിച്ചടയ്ക്കാനുള്ള തുക	റിസർവ് പ്രൈസ് / ഇഎംഡി	ഇൻസ്പെക്ഷൻ തിയതിയും സമയവും	ലേലത്തിന്റെ തിയതി, സമയം
(A)	(B)	(C)	(D)	(E)	(F)	(G)
1.	[illegible] LHTHR00001315749	റീസർവേ നമ്പർ 127/14 , തൃശൂർ താലൂക്ക്, കൈപ്പറമ്പ് വില്ലേജ്, തൃശൂർ ജില്ല	Rs.8,61,157/- (As on 23rd February, 2022)	Rs.11,01,761/- Rs.1,10,177/-	March 24, 2022 11:00 AM to 03:00 PM	March 28, 2022 02:00 PM to 03:00 PM

[illegible] https://sarfaesi.auctiontiger.net/EPROC [illegible] 7021072869 [illegible] https://www.icicihfc.com/

തിയതി: ഫെബ്രുവരി 25 , 2022 , സ്ഥലം: തൃശൂർ
അംഗീകൃത ഓഫീസർ
ഐസിഐസിഐ ഹോം ഫിനാൻസ് കമ്പനി ലിമിറ്റഡ്